# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 03/2021
# 27.05.2021 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്
3. ബ്ലെൻഡഡ് ലേണിംഗ്
4. മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. എം. സത്യൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീത നമ്പിയാർ എം. കെ. ഡോ. രാജേഷ്കുമാർ പി., ഡോ. വിനു ഭാസ്ക്കർ, സന്തോഷ് ടി. വർഗീസ്, രഘുദാസ് പി. വി., ശശി സി. ടി., ഡോ. കെ. കെ. ദാമോദരൻ, ഡോ. സുനിൽ വി. ടി., ഡോ. പ്രിൻസ് പി. ആർ., സൗമ്യ എസ്, ഡോ. എം. എ. അസ്കർ, ഡോ. സുനിത എ. പി., ഡോ. ബേബി ഷീബ, ഡോ. സഞ്ജയ്കുമാർ എസ്. എച്., ജിനീഷ് പി. എസ്., ഡോ. എം. എസ്. മുരളി, ഡോ. ജോജോമോൻ എൻ.എ., ഡോ. ബി. അശോക്, സജിത്ത് കുമാർ പി., രജിത സി. ആർ., ഡോ. എ. ബാലകൃഷ്ണൻ, ഡോ. പ്രദീപ് കുമാർ, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, രഞ്ജിത് മോഹൻ പി., അബ്ദുൾ റഷീദ്, സുശാന്ത് ബി., ദിനേശ് പി. കെ., സോബിൻ വർഗീസ് എം വി, മഞ്ജുള കെ. വി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അലിക്കുട്ടി സി., ഡോ. റോസ്നികസ് പി. കെ., ഡോ. വിഷ്ണു വി.എസ്., ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. ഗ്രേഷ്യസ് ജെ., ഡോ. സെനോ ജോസ്, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. ബി. ഉണ്ണികൃഷ്ണൻ നായർ, ജയരാജ് ജെ., ഡോ. ഷജില ബീവി, ഡോ. റിജുലാൽ ജി., ഡോ. ചന്ദ്രമോഹൻ കെ. ടി., രാജു. എം. സി.,

വൈകിട്ട് 7.00ന് ഓൺലൈനായി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. എൻ. മനോജ് ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. എം. സത്യൻ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ ഡോ. മുഹമ്മദ് റഫീഖ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

ആദ്യ കമ്യൂണിസ്റ്റ് മന്ത്രിസഭയിലെ അംഗവും കേരളത്തിന്റെ വിപ്ലവ മുന്നേറ്റത്തിൽ ചരിത്രപരമായ പങ്കുവഹിച്ചതുമായ ധീരവനിത സ. കെ. ആർ. ഗൗരിയമ്മ, സംഗീതജ്ഞൻ രാജൻ മിശ്ര, കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് എം. ശാന്തന ഗൗഡർ, മുൻ ഡെപ്യൂട്ടി സ്പീക്കർ കെ. എം. ഹംസകുഞ്ഞ്, ബാലസാഹിത്യകാരി സുമംഗല, തമിഴ് സംവിധായകൻ താമിറ, തമിഴ് നടൻ പാണ്ഡു, ബഹിരാകാശ സഞ്ചാരി മൈക്കിൾ കോളിൻസ്, മുൻ അറ്റോർണി ജനറൽ സോളി സൊറാബ്ജി, മുൻമന്ത്രി ആർ. ബാലകൃഷ്ണപിള്ള, ചലച്ചിത്രതാരങ്ങളായ മേള രഘു, ശരൺ, സ്വാതന്ത്ര്യസമരസേനാനിയും മഹാത്മാഗാന്ധിയുടെ പേഴ്സണൽ

സെക്രട്ടറിയായിരുന്ന വി. കല്യാണം, പദ്മഭൂഷൺ ബിഷപ്പ് ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്ത, മുൻ കേന്ദ്ര മന്ത്രി അജിത് സിങ്, മാധ്യമ പ്രവർത്തകൻ വിപിൻ ചന്ദ്, ജസ്റ്റിസ് ഡി. കെ. ബസു, തിരക്കഥാകൃത്തും സംവിധായകനും ആയ ഡെന്നീസ് ജോസഫ്, സാഹിത്യകാരൻ മാടമ്പ് കുഞ്ഞിക്കുട്ടൻ, മുൻ കേരള ഗവർണർ ആർ. എൽ. ഭാട്യ, കേരള സർവ്വകലാശാല സ്ഥാപക കാലത്തെ ഉദ്യോഗസ്ഥൻ മാത്യു പെരേര, കെ.ജി.ഒ.എ. മുൻ സംസ്ഥാന സെക്രട്ടറി സുഹൃത്ത് കുമാർ, പരിസ്ഥിതി പ്രവർത്തകൻ സുന്ദർലാൽ ബഹുഗുണ, സ്വാതന്ത്ര്യസമരസേനാനി എച്ച്. എസ്. ദൊരൈ സ്വാമി, ഇസ്രായേലിൽ കൊല്ലപ്പെട്ട മലയാളി നഴ്സ് സൗമ്യ, പശ്ചിമേഷ്യയിലെ ഇസ്രയേൽ പാലസ്തീൻ സംഘർഷത്തിൽ ജീവൻ വെടിഞ്ഞവർ, ടൗടേ ചുഴലിക്കാറ്റിൽ ജീവൻ നഷ്ടപ്പെട്ടവർ, കോവിഡ് മഹാമാരിയിൽ അകപ്പെട്ട നമ്മെ വിട്ടുപിരിഞ്ഞ അനേകായിരം മനുഷ്യർ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ, കഴിഞ്ഞ വർക്കിങ് കമ്മിറ്റി ചേർന്നത് 25-04-2021നായിരുന്നു. അക്കാദമിക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു വെബിനാർ മെയ് 21ന് നടത്തി. പാലസ്തീൻ-ചരിത്രവും വർത്തമാനവും എന്ന വിഷയത്തെ അധികരിച്ച് നമ്മുടെ മെമ്പറും നിലവിൽ കണ്ണൂർ സർവകലാശാല പരീക്ഷാ കൺട്രോളറുമായ ഡോ. വിൻസെന്റ് പി. ജെ. മുഖ്യപ്രഭാഷണം നടത്തി. വനിതാ സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 26-05-2021ന് ഗൗരിയമ്മ അനുസ്മരണ പരിപാടി നടന്നു. മുൻ പാർലമെൻറ് അംഗം അഡ്വ. സി. എസ്. സുജാത അനുസ്മരണ പ്രഭാഷണം നടത്തി. വാക്സിൻ ചലഞ്ചുമായി ബന്ധപ്പെട്ട് നല്ല പ്രവർത്തനം കാഴ്ചവയ്ക്കാൻ നമുക്ക് സാധിച്ചു. നമ്മുടെ മുഴുവൻ യൂണിറ്റുകളും ജില്ലാ സെക്രട്ടറിമാരും വർക്കിംഗ് കമ്മിറ്റി അംഗങ്ങളും ഉണർന്നു പ്രവർത്തിച്ചതിന്റെ ഫലമായാണ് 25,52,700/- രൂപ നേരിട്ട് അംഗങ്ങളിൽ നിന്നും ശേഖരിച്ച് ആ തുക ധനകാര്യവകുപ്പ് മന്ത്രി അഡ്വ. കെ.എൻ.ബാലഗോപാലിന് കൈമാറാൻ സാധിച്ചത്. പ്രസിഡണ്ടും ജനറൽ സെക്രട്ടറിയും ട്രഷററും ചേർന്നാണ് ഈ തുക കൈമാറിയത്. അതോടൊപ്പംതന്നെ നമ്മൾ എല്ലാ യൂണിറ്റുകളിൽ നിന്നും സമാഹരിച്ച സമ്മതപത്രങ്ങൾ കണക്കാക്കിക്കൊണ്ട് ഏകദേശം രണ്ടേകാൽ കോടിയിലധികം രൂപ കൂടി സർക്കാരിലേക്ക് നൽകാൻ കഴിഞ്ഞു. അങ്ങനെ ആകെ രണ്ടരക്കോടിയിലേറെ രൂപ നൽകാൻ കഴിഞ്ഞുവെന്നത് സന്തോഷം നൽകുന്ന കാര്യമാണ്. ഈ ദുരിത കാലത്ത് നമ്മുടെ അംഗങ്ങൾ മറ്റെല്ലാപ്രയാസങ്ങളും മാറ്റിവെച്ച് വാക്സിൻ ചലഞ്ചുമായി സഹകരിച്ചതിന്റെ അഭിമാനവും സന്തോഷവും പങ്കുവയ്ക്കാൻകൂടി ഈ അവസരം ഉപയോഗിക്കുകയാണ്. മുഴുവനാളുകളെയും സംസ്ഥാനകമ്മിറ്റിക്കുവേണ്ടി അഭിവാദ്യം ചെയ്യുന്നു.

അധ്യാപകരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച പ്രാരംഭജോലികൾ സെക്ഷൻ ക്ലാർക്കുമാർ വീട്ടിലിരുന്ന് ചെയ്യുന്നുണ്ട്. ലോക്ക് ഡൗൺ ഒഴിവായാൽ മാത്രമേ നമുക്ക് അതിൽ ഇടപെടാൻ സാധിക്കുകയുള്ളൂ. ലോക്ക് ഡൗൺ കഴിഞ്ഞാൽ ഉടൻതന്നെ കരട് ഇറക്കാനുള്ള ശ്രമങ്ങൾ നടത്തും. ഒന്നുരണ്ടാഴ്ചയ്ക്കുള്ളിൽ ഇത് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പ്ലെയിസ്മെന്റമായി ബന്ധപ്പെട്ട വിവിധ തരത്തിലുള്ള ചോദ്യങ്ങൾ ഉയരുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനമായ ഒന്ന് ട്രെയിനിങ് കോളജ് അധ്യാപകർക്ക് അവരുടെ അസോസിയേറ്റ് പ്രൊഫസർഷിപ്പ് ലഭിച്ചില്ല എന്നുള്ളതാണ്. ഇതിൽ മറ്റ് തടസ്സങ്ങൾ ഒന്നും ഇല്ല. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ഇലക്ഷൻ സംബന്ധിയായ ചില ഡ്യൂട്ടികകളിൽ ഏർപ്പെടേണ്ടിവന്ന് സംസ്ഥാനത്തിന് പുറത്തേക്ക് പോവേണ്ടി വന്നതിനാൽ ആണ് ബുദ്ധിമുട്ട് വന്നത്. സബ്ജക്ട് എക്സ്പേർട്ട് വരാത്തതിന്റെ ചില പ്രശ്നങ്ങൾ ചില വിഷയങ്ങൾക്ക് ഉണ്ടായിട്ടുണ്ട്. ലോക് ഡൗൺ കഴിഞ്ഞാൽ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ വേണ്ട ഇടപെടൽ നടത്തുന്നതാണ്. ഓൺലൈനായിതന്നെ ഇക്കാര്യം നടത്താനുള്ള സാധ്യതയും പരിശോധിക്കുന്നതായി അറിയുന്നു.

മെയ് 16ന് ഐഫക്റ്റോയുടെ മീറ്റിംഗ് ഉണ്ടായിരുന്നു. സംഘടനാ പ്രസിഡണ്ടും, വൈസ് പ്രസിഡണ്ടും ഐഫക്റ്റോയുടെ സോണൽ സെക്രട്ടറിയുമായ ഗീത ടീച്ചറും, യോഗത്തിൽ പങ്കെടുത്തിരുന്നു. അഡ്വാൻസ് ഇൻക്രിമെന്റ് വിഷയത്തിലും, കോവിഡിന്റെ പശ്ചാത്തലത്തിൽ കരിയർ അഡ്വാൻസ്മെന്റിനു ആവശ്യമായ റിഫ്രഷർ, ഓറിയന്റേഷൻ കോഴ്സുകൾ ഒഴിവാക്കുന്ന കാര്യത്തിലും ഐഫെക്ടോ ഇടപെടണമെന്ന് യോഗത്തിൽ ആവശ്യം ഉയരുകയും എത്രയുംവേഗം വേണ്ട ഇടപെടൽ നടത്താൻ യോഗത്തിൽ ധാരണയാവുകയും ചെയ്തു. ഹയർ എജുക്കേഷൻ കൗൺസിൽ നടത്തിയ കോഴ്സുകൾ കോളേജ് വിദ്യാഭ്യാസവകുപ്പ് പ്ലെയിസ്മെന്റന് പരിഗണിക്കുന്നകാര്യം അനുകൂലമായ രീതിയിലാണ് മുന്നോട്ടു പോകുന്നത്.

ഏഴാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നതിന് സംഘടന ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. അതിന്റെ പ്രവർത്തനങ്ങൾ പലകാരണങ്ങളാൽ അധികം മുന്നോട്ട് പോയില്ല. ഇതിൽ അനോമലി പരിഹരിക്കുന്ന രീതിയിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഇടപെടുന്നതാണ്. സ്പാർക്ക് വിഷയവുമായി ബന്ധപ്പെട്ട പരാതികളും പ്രയാസങ്ങളും അംഗങ്ങൾ ഉയർത്തുന്നുണ്ട്. ഇക്കാര്യം സംഘടന ധനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നമുക്ക് അനുകൂലമായ ഇടപെടൽ ഉടനെ ഉണ്ടാകുന്നതാണ്. കോവിഡ് സാഹചര്യത്തിൽ അവിടെ പഴയതുപോലെ നമുക്ക് ഇടപെടാൻ പരിമിതിയുണ്ട്.

സംഘശബ്ദം പത്രാധിപസമിതി യോഗം ചേർന്നിരുന്നു. ജൂൺ പകുതിയോടെ ലേഖനങ്ങൾ ശേഖരിച്ചശേഷം മാസാവസാനത്തോടെ പുറത്തിറക്കണം എന്നാണ് വിചാരിക്കുന്നത്. അതിൻറെ പ്രവർത്തനങ്ങളുമായി അലിക്കുട്ടിയുടെ നേതൃത്വ ത്തിൽ പ്രവർത്തനം മുന്നോട്ട് പോവുകയാണ്.

ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ നടപടിയുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള പ്രശ്നങ്ങൾ ദ്വീപിൽ നിലനിൽക്കുന്നു. അന്നാട്ടിലെ സൈ്വരജീവിതം തകർക്കാനുള്ള ആസൂത്രിതമായ ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. ഇതിനെതിരെ വലിയ പ്രതിഷേധം ഉയർന്നുവരേണ്ടതാണ്.

ബ്ലെൻഡഡ് ലേണിംഗ് വിഷയവുമായി ബന്ധപ്പെട്ട് യൂണിറ്റ്തലത്തിലും, ജില്ലാതലത്തിലും ചർച്ചകൾ നടത്തി വിവരങ്ങൾ ക്രോഡീകരിച്ച ശേഷം സംസ്ഥാനഅക്കാദമിക് കമ്മറ്റി വിഷയം ചർച്ച ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് അക്കാദമിക് കമ്മിറ്റി ചെയർമാൻ ഡോ.വിഷ്ണു. വി.എസ് ഇന്ന് ഇവിടെ അവതരിപ്പിക്കും. പ്രത്യേക അജൻഡയായിത്തന്നെ ഇക്കാര്യം ഇന്നിവിടെ ചർച്ച ചെയ്യുന്നുണ്ട്. സംസ്ഥാന

അക്കാദമിക് സമിതി അംഗങ്ങളെ കണ്ടെത്താൻ കഴിഞ്ഞ വർക്കിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചിരുന്നതനുസരിച്ച് ജില്ലാ പ്രതിനിധികളെ തീരുമാനിച്ചിട്ടുണ്ട്.

തുടർന്ന് സംസ്ഥാന ട്രഷറർ കോവിഡ് വാക്സിൻ ചലഞ്ചുമായി ബന്ധപ്പെട്ട് ലഭിച്ച തുകയുടെ ജില്ലതിരിച്ചുള്ള കണക്ക് അവതരിപ്പിച്ചു.

ഇതിനെ തുടർന്ന് സംസ്ഥാന അക്കാദമിക് കമ്മിറ്റി ചെയർമാൻ ഡോ. വിഷ്ണു വി എസ് ബ്ലെൻഡഡ് ലേണിംഗ് സംബന്ധിച്ച് നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് പ്രവർത്തകസമിതി മുൻപാകെ അവതരിപ്പിച്ചു. ഇതിൽ സംസ്ഥാനസമിതി അംഗങ്ങളുടെ ഭാഗത്ത് നിന്നും വിശദമായ ചർച്ചയും കൂട്ടിച്ചേർക്കലും ഉണ്ടായി. ഇതിനെത്തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. പ്ലെയിസ്മെന്റ് വിഷയത്തിൽ സംഘടന ശക്തമായി ഇടപെടാൻ തീരുമാനിച്ചു.
2. ലോക് ഡൗൺ കഴിഞ്ഞാലുടൻ ട്രാൻസ്ഫർ നടപടികൾ സമയബന്ധിതമായി നടത്താൻ വേണ്ട ഇടപെടൽ നടത്തും.
3. സ്പാർക്കുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും എത്രയും പെട്ടെന്ന് സംഘടന ഇടപെട്ട് പരിഹരിക്കും.
4. ബ്ലെൻഡഡ് ലേണിംഗുമായി ബന്ധപ്പെട്ട് ഇന്ന് സംസ്ഥാനപ്രവർത്തകസമിതി അംഗീകരിച്ച റിപ്പോർട്ട് ക്രോഡീകരിക്കാനും അത് ഹയർ എജുക്കേഷൻ കൗൺസിൽ വിളിച്ച സംഘടനാപ്രതിനിധികളുടെ യോഗത്തിൽ അവതരിപ്പി ക്കുവാനും യുജിസിക്ക് അയക്കുവാനും തീരുമാനിച്ചു.
5. സംസ്ഥാന അക്കാദമിക് കമ്മിറ്റി ജില്ലാ പ്രതിനിധികളെ തീരുമാനിച്ചു.
   ഡോ. ഷിജു ജോസഫ് (തിരുവനന്തപുരം), ഡോ.ഉണ്ണികൃഷ്ണൻ എസ്. (കൊല്ലം), അനീഷ് യു. (കോട്ടയം) ഡോ. ബെറ്റിസി എം. (ഇടുക്കി), ഡോ. ജോബി വർഗീസ് (എറണാകുളം), ഡോ.മുഹമ്മദ് ബഷീർ (തൃശ്ശൂർ), ഷർമിള (പാലക്കാട്), ഡോ.പ്രജിത് ചന്ദ്രൻ (മലപ്പുറം), ഡോ. ടി. എ. ആനന്ദ് (കോഴിക്കോട്), ഡോ.സുമേഷ് എ.കെ. (വയനാട്), ഡോ.ലിനീഷ് എം. (കണ്ണൂർ), ഡോ.അനുപ് കുമാർ എം. (കാസറഗോഡ്).

യോഗം രാത്രി 9.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം<br>27-05-2021

ഡോ. എം. സത്യൻ<br>ജനറൽ സെക്രട്ടറി